കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കാർഷിക മേഖലയിലെ വൈദ്യുതി നിരക്ക് വർദ്ധന കർഷക സമൂഹത്തെ ബാധിച്ചിട്ടില്ല. നിലവിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം കർഷകർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് കൃഷി വകുപ്പാണ് വൈദ്യുതി ബോർഡിൽ ഒടുക്കിവരുന്നത്. ഇതുപ്രകാരം നെൽകർഷകരുടെ വൈദ്യുതി ചാർജ് ഭൂപരിധി ബാധകമാക്കാതെയും മറ്റു വിളകളുടെ കൃഷിക്ക് പരമാവധി 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യം കൃഷി വകുപ്പ് നൽകി വരുന്നുണ്ട്.

(ബി) 2013-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കാർഷിക മേഖലയിലെ വൈദ്യുതി കണക്ഷനുകളെ വിവിധ കാറ്റഗറികളിലായി തരം തിരിക്കുകയും ഭക്ഷ്യ വിളകൾക്കും മറ്റ് കൃഷികൾക്കും വിവിധ താരിഫ് നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിലെ വൈദ്യുതി ചാർജ് വർദ്ധന പുനഃപരിശോധിക്കുന്ന കാര്യം ഊർജ്ജ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) കൃഷി വകുപ്പ് നിലവിൽ കാർഷിക വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം കർഷകർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

12 (*282) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ചെലവഴിക്കലിൽ, 2012-13 ലാണ് ഉല്പാദന മേഖലയിൽ ഏറ്റവും കുറവ് സംഭവിച്ചതെന്ന എ.ജി.-യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉല്പാദന മേഖലയായ കൃഷി, മൃഗസംരക്ഷണം എന്നിവ തഴയപ്പെടുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സാഹചര്യം ഗ്രാമങ്ങളുടെ സ്വയാപര്യാപ്തതയെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന നിലയിലേക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മാറ്റിയെടുക്കുന്നതിന് തയ്യാറാകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദനമേഖലയിൽ 85% വരെ വികസന ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ചെലവാക്കാവുന്ന സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള പൂർണ്ണമായ അധികാരം ഗ്രാമപഞ്ചായത്തുകൾക്കുണ്ട്.

(സി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി ഓരോ ഗ്രാമപഞ്ചായത്തും പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം പദ്ധതി ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പക്ഷം ഗ്രാമങ്ങൾക്ക് സ്വയംപര്യാപ്തത നേടാവുന്ന സാഹചര്യം നിലവിലുണ്ട്.

(ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

**ക്ഷീരോല്പന്നങ്ങൾക്കുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ**

13 (*283) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസിയാൻ കരാറിനെത്തുടർന്ന് 2015 ജനുവരി മുതൽ ക്ഷീരോൽപ്പന്നങ്ങൾക്കുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ നീങ്ങിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly